**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196** **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാത അറ്റകുറ്റപ്പണികൾക്ക് ചുമതലപ്പെട്ട ഏജൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയ പാത ഉണ്ടെന്നും അവ ഏതൊക്കെയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | NH-66, NH-766, NH-966, NH-966B, NH-966A, NH-185, NH-183, NH-183A, NH-744, NH-85, NH-544 എന്നിവയാണ് കേരളത്തിലെ ദേശീയപാതകൾ. 1732 കി.മീ. ആണ് ഇവയുടെ ആകെ നീളം. |
| (ബി) | മേൽപ്പറഞ്ഞവയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ എത്ര കിലോമീറ്റർ ദേശീയപാത ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത ദേശീയപാതകളിൽ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ ദേശീയപാതകളിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിൽ 1184 കി.മീ ആണ് ഉള്ളത്. NH-544, NH-66, NH-85, NH-744, NH-966A, NH-966 എന്നീ ദേശീയപാതകളാണ് NHAI-യുടെ അധികാര പരിധിയിൽ ഉള്ളത്. പ്രസ്തുത ദേശീയപാതകളിലെ റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉത്തരവാദിത്തമാണ്. |
| (സി) | സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കിലോമീറ്റർ ദേശീയപാതകളിൽ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത ദേശീയ പാതകളിൽ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുമരാമത്ത് ദേശീയപാത വിഭാഗ ത്തിന്റെ പരിധിയിൽ 548 കി.മീ ദേശീയപാതകളാണ് ഉള്ളത്. NH-183, NH-183A, NH-966B, NH-766, NH-185 എന്നീ ദേശീയപാതകളാണ് പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയി ലുള്ളത്. പ്രസ്തുത ദേശീയപാതകളിലെ റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ദേശീയപാത വിഭാഗത്തിന്റെ ഉത്തരവാദി ത്തമാണ്. |

സെക്ഷൻ ഓഫീസർ